# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

19.03.2018–ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3814

## കോതമംഗലം മണ്ഡലത്തിലെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്ന വിദ്യാലയങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി, കോതമംഗലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് ഇതിന് തെരഞ്ഞെടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി, കോതമംഗലം നിയോജക മണ്ഡലത്തിലെ ചെറുവട്ടൂർ മോഡൽ ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനും പല്ലാരിമംഗലം ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനും തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇളങ്ങവം ഗവ.എൽ.പി.എസിനേയും തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) തെരഞ്ഞെടുത്തിട്ടുള്ള എച്ച്.എസ്.എസ്., എച്ച്.എസ്., യു.പി., എൽ.പി. സ്കൂളുകളിൽ എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് സ്കൂൾതിരിച്ച് വ്യക്തമാക്കാമോ; | (ബി) • മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് എച്ച്.എസ്.എസ്. വിഭാഗത്തിൽ തെരഞ്ഞെടുത്തിട്ടുള്ള ചെറുവട്ടൂർ ഗവ.മോഡൽ ഹയർ സെക്കന്ററി സ്കൂളിന് 5.39 കോടി രൂപയുടെ ഭരണാനുമതിയും അഞ്ചുകോടി രൂപയുടെ കിഫ്ബി ധനസഹായത്തിനുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.<br>• ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് പല്ലാരിമംഗലം ഗവ.വൊക്കേഷണൽ ഹയർ |

സെക്കന്ററി സ്കൂളിന് 3.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

- അടിസ്ഥാന സൗകര്യ വികസനത്തിനായി ഇളങ്ങവം ഗവ.എൽ.പി. സ്കൂളിൽ 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഓരോ സ്കൂളിലും നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ? | (സി) | കോതമംഗലം നിയോജക മണ്ഡലത്തിൽ നിന്നും മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും അപ്രകാരം ഭരണാനുമതിയും കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിനുള്ള അനുമതിയും ലഭ്യമായിട്ടുള്ള ചെറുവട്ടൂർ ഗവ.മോഡൽ ഹയർ സെക്കന്ററി സ്കൂളിന്റെ പദ്ധതി നിർവ്വഹണത്തിനായുള്ള കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br>ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് തെരഞ്ഞെടുക്കുകയും അപ്രകാരം ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുള്ള പല്ലാരിമംഗലം ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.<br>അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള ഇളങ്ങവം ഗവ.എൽ.പി. സ്കൂളിന് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം താമസംവിനാ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ